(എ) പാലക്കാട് ജില്ലയിലും ആലത്തൂർ മണ്ഡലത്തിലുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ആലത്തൂർ മണ്ഡലത്തിൽ നടത്തിയ കെട്ടിടം പണികൾ ഏതെല്ലാം ; റോഡുപണികൾ ഏതെല്ലാം ; ഇനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(സി) ആലത്തൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച വർക്കുകൾ ഏതെല്ലാം ; ഭരണാനുമതി ലഭിക്കേണ്ട വർക്കുകൾ ഏതെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ആലത്തൂർ മണ്ഡലത്തിൽ ഇടിഞ്ഞുപൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതെ കിടക്കുന്ന റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ ; പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എന്തു തുക നീക്കിവച്ചിട്ടുണ്ട് ; എത്ര ചെലവായി; ഇനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ,ബി&സി) നിയോജക മണ്ഡലാടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടില്ല.

(ഡി) ഗതാഗതയോഗ്യമല്ലാതെയുള്ള റോഡുകളൊന്നും തന്നെ ഇല്ല. എല്ലാ റോഡുകളും ആവശ്യത്തിന് അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് പുതുതായി ഹൈവേകൾ

143 (1322) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി എത്ര ഹൈവേകളുടെ പണി നടക്കുന്നുണ്ട് ; അവ ഏതൊക്കെയാണ് ;

(ബി) പ്രസ്തുത ഹൈവേകളുടെ പ്ലാൻ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതുതായി പ്രഖ്യാപിക്കപ്പെട്ട 22 സ്റ്റേറ്റ് ഹൈവേകളുടെ പണി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തിവരികയാണ്. സ്റ്റേറ്റ് ഹൈവേകളുടെ പേര് അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു*. സംസ്ഥാനത്ത് നിലവിലുള്ള ദേശീയപാതകൾക്കു പുറമേ കൊല്ലം-തിരുമംഗലം (എൻ.എച്ച്. 208), കോഴിക്കോട്-പാലക്കാട് (എൻ.എച്ച്. 213), കോഴിക്കോട്-മൈസൂർ-കൊല്ലഗിൽ (എൻ.എച്ച്. 212) എന്നീ പുതിയ ദേശീയപാതകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ എൻ.എച്ച്. 208 ഏറ്റെടുക്കുകയും അറ്റകുറ്റപ്പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് രണ്ട് പാതകൾ ദേശീയപാത വിഭാഗം ഏറ്റെടുക്കുന്നതിനു വേണ്ട നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പുതുതായി പ്രഖ്യാപിക്കപ്പെട്ട ഹൈവേകളുടെ അലൈൻമെന്റ് പ്ലാൻ തയ്യാറായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly